"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറിയിലെ വെറ്ററിനറി സർജൻ തസ്തികയും പത്തനംതിട്ട ജില്ലാ ക്ലിനിക്കൽ ലാബിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും പരസ്പരം പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മൃഗസംരക്ഷണ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.78/2025/AHD തീയതി,തിരുവനന്തപുരം, 10-02-2025

---

പരാമർശം:- 1. സ.ഉ(കൈ)നം.5/2018/എ.എച്ച്.ഡി തീയതി 21.02.2018

2. സ.ഉ(സാധാ) നം 360/2021/AHD, തീയതി 28/09/2021

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 04.11.2024 ലെ എ.എച്ച്.ഡി/5691/2022-ബി2 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് ടി സ്ഥാപനത്തിൽ ഒരു വെറ്ററിനറി സർജൻ, രണ്ട് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു ക്ലർക്ക് എന്നി തസ്തികകൾ സൂചന (1) പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി ഹാച്ചറിയിലെ ജോലിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് അത്യാവശ്യമുള്ള തൊഴിലാളികളെ പ്രാദേശികമായി ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ച് സേവനം ഉറപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനപ്രകാരം നടപടി സ്വീകരിച്ച് ആവശ്യമായ എണ്ണം തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഹാച്ചറി അനുബന്ധ ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് അധിക തസ്തികകൾ ആവശ്യമായ സാഹചര്യത്തിൽ (ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ - 1, നൈറ്റ് വാച്ചർ -1 ഓഫീസ് അറ്റന്റന്റ് - പാർട്ട് ടൈം സപ്പർ) എന്നീ തസ്തികകൾ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ആയൂർ തോട്ടത്തറ ഹാച്ചറിയിലേയ്ക്ക് പുനർവിന്യസിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ഓഫീസ് ജോലികൾ ഒരു ക്ലാർക്കിന് മാത്രം കൈകാര്യം ചെയ്യാനാകാത്തതിനാൽ കൊല്ലം ജില്ലയിലെ പത്തനാപുരം RAHC യിലെ ഒരു സൂപ്പർ ന്യൂമററി ക്ലർക്ക് ടൈപ്പിസ്റ്റിന്റെ തസ്തിക കൂടി ടി ഫാമിലേക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലം ജില്ലാപഞ്ചായത്ത് രണ്ട് കോടി രൂപ ചെലവഴിച്ച് ഫീഡ് മിൽ യൂണിറ്റ് സ്ഥാപിച്ചു. പന്ത്രണ്ട് ലക്ഷം രൂപ അടങ്കൽ തുകയായ മീറ്റ് പ്രോസസിംഗ് യൂണിറ്റ് നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലുമാണ്. ഇവ കൂടി പ്രവർത്തനക്ഷമം ആകുന്നതോടെ ഇ-ടെണ്ടർ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പരിചയ സമ്പന്നനായ ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തിക ആവശ്യമാണ്. ആയതിനായി ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തിക പുനർവിന്യാസത്തിനായി കണ്ടെത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ജില്ല ക്ലിനിക്കൽ ലാബുകളിൽ പത്തനംതിട്ട ജില്ല ക്ലിനിക്കൽ ലാബ് ഒഴികെ മറ്റ് എല്ലാ ജില്ലാ ലാബുകളിലും വെറ്ററിനറി സർജൻ തസ്തികയാണുള്ളത്. പത്തനംതിട്ട ജില്ലാ ക്ലിനിക്കൽ ലാബിൽ ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയാണുള്ളതെന്നും പ്രസ്തുത അസിസ്റ്റന്റ് ഡയറക്ടർ തസ്തിക ആയൂർ തോട്ടത്തറ ഹാച്ചറിയലേയ്ക്ക് പുനർ വിന്യസിക്കാവുന്നതാണെന്നും പകരം ആയൂർ തോട്ടത്തറ ഹാച്ചറിയിൽ അനുവദിച്ചിരിക്കുന്ന വെറ്റിനറി സർജൻ തസ്തിക പത്തനംതിട്ട ജില്ല ക്ലിനിക്കൽ ലാബിലേയ്ക്ക് പുനർവിന്യസിച്ച് നൽകണമെന്നുമാണ് സൂചന (2) പ്രകാരം മൃഗസംരക്ഷണ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നത്.

മൃഗസംരക്ഷണ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്രകാരം ഭരണപരമായ ആവശ്യം കണക്കിലെടുത്തു കൊണ്ട്

കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറിയിലെ വെറ്ററിനറി സർജൻ തസ്തികയും പത്തനംതിട്ട ജില്ലാ ക്ലിനിക്കൽ ലാബിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും പരസ്പരം പുനർവിന്യസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) ബ്രാഞ്ച് ഓഫീസ്, കൊച്ചി.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar, A
സെക്ഷൻ ഓഫീസർ
Date: 11-02-2025 10:51:04

**<u>പുറത്തെഴുത്ത് കത്ത് നമ്പർ : AHD/5691/2022-B2 തീയതി: 12-02-2025</u>**

10/02/25 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 78/2025/AHD ഉത്തരവിന്റെ പകർപ്പ് കൊല്ലം, പത്തനംതിട്ട ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് മേൽ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

Signed by
D.k.vinugi
Date: 12-02-2025 14:42:08
ADDITIONAL DIRECTOR
ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്,

ജില്ല മൃഗസംരക്ഷണ ഓഫീസർ- കൊല്ലം, പത്തനംതിട്ട (തുടർ നടപടികൾ സ്വീകരിച്ച റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് )

പകർപ്പ് -

1. ഡയറക്ടറേറ്റിലെ ഡി സെക്ഷൻ (തുടർ നടപടികൾ സ്വീകരിച്ച റിപ്പോർട്ട് ബി സെക്ഷന് നൽകേണ്ടതാണ് ) ,
2. IT സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3. ഡയറക്ടറേറ്റിലെ എല്ലാ സാങ്കേതിക ഉദ്യോഗസ്ഥർക്കും എല്ലാ സെക്ഷനുകൾക്കും (അറിവിലേയ്ക്കായി )